പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1030 — 7.2.2013 ലെ മറുപടിക്ക്

## കരിങ്കുളങ്ങര പട്ടികജാതി കോളനി നവീകരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. വി. വിജയദാസ് | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) പാലക്കാട് ജില്ലയിലെ പറളി ഗ്രാമപഞ്ചായത്തിൽപ്പെട്ട കരിങ്കുളങ്ങര പട്ടികജാതി കോളനി നവീകരണത്തിനായി അനുവദിച്ചിട്ടുള്ള 1 കോടി രൂപയുടെ പദ്ധതിയുടെ പ്രോജക്ട് പാലക്കാട് ജില്ലാ നിർമ്മിതി കേന്ദ്രം സമയബന്ധിതമായി ജില്ലാ പട്ടികജാതി വികസന ആഫീസർക്ക് നൽകിയിട്ടും ആയതിന്മേൽ സമയബന്ധിതമായി പ്രസ്തുത ജില്ലാ ആഫീസർ നടപടി സ്വീകരിച്ചില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ; | എ) | പറളി പഞ്ചായത്തിലെ കരിങ്കുളങ്ങര കോളനിയുടെ വികസന പ്രവർത്തനങ്ങൾക്ക് ജില്ലാ നിർമ്മിതി കേന്ദ്രം തയ്യാറാക്കിയ എസ്റ്റിമേറ്റ് പാലക്കാട് ജില്ലാ പട്ടികജാതി വികസന ഓഫീസർ മുഖാന്തിരം പട്ടികജാതി വികസന ഡയറക്ടറേറ്റിൽ ലഭ്യമാക്കിയിരുന്നു. പ്രസ്തുത എസ്റ്റിമേറ്റ് ഒരു കോടി രൂപയിൽ പരിമിതപ്പെടുത്തി ശുപാർശ സഹിതം ലഭ്യമാക്കുന്നതിനായി ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നൽകിയിട്ടുണ്ട്. അപ്രകാരമുള്ള എസ്റ്റിമേറ്റും ശുപാർശകളും ഡയറക്ടറേറ്റിൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) ഇക്കാര്യത്തിൽ കുറ്റകരമായ അനാസ്ഥ വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | |
|---|---|---|
| (സി) പട്ടികജാതി സമൂഹത്തിന്റെ ഉന്നമനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ അട്ടിമറിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ; ഇല്ലെങ്കിൽ വിശദാംശം നൽകുമോ? | സി) | പ്രസ്തുത വികസന പദ്ധതികൾ അട്ടിമറിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ആയതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ